## ബഹുമത സമൂഹത്തിലെ മുസ്‌ലിംജീവിതം – 2

# ദാനധർമങ്ങളും നീതിനിർവഹണവും

**അനീതിക്കെതിരായ** സമരം, മർദിതരുടെ മോചനം, പാർശ്വവത്കൃതരുടെ ഉന്നമനം, ദാരിദ്ര്യനിർമാർജനം, ദുരിതാശ്വാസ-ജീവകാരുണ്യ പ്രവർത്തനങ്ങൾ, അനാഥ-അഗതി സംരക്ഷണം, സാമൂഹിക തിന്മകളുടെ ഉന്മൂലനം, നീതിനിർവഹണം തുടങ്ങിയ മേഖലകളിൽ വിപ്ലവാത്മകമായ പോരാട്ടങ്ങൾക്ക് ഇസ്‌ലാം ആഹ്വാനം ചെയ്യുന്നു. ഇസ്‌ലാമിക ചരിത്രം അതിന്റെ പ്രോജ്ജ്വല മാതൃകകകൾ ലോകത്തിന് കാഴ്ചവെച്ചിട്ടുണ്ട്. പക്ഷേ, അവയിലെല്ലാം സാമുദായികതയിലേക്ക് ചുരുങ്ങാനല്ല, മാനവികതയിലേക്ക് വികസിക്കാനാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. വിമോചനസമരങ്ങളെ മതപരിഗണനകളിൽ പരിമിതപ്പെടുത്താനല്ല, മനുഷ്യസമൂഹത്തോളം വിശാലമാക്കാനാണ് ദീനിന്റെ കൽപന. ആധുനികലോകത്ത് നിലനിൽക്കുന്ന ബഹുസ്വര സമൂഹങ്ങളിലെ സാമ്പത്തിക-രാഷ്ട്രീയ പ്രശ്നങ്ങളും സാമൂഹിക-പാരിസ്ഥിതിക വിഷയങ്ങളും മത-സാമുദായിക വിവേചനത്തോടെ അനുഭവിക്കുന്നവയോ, പരിഹരിക്കപ്പെടാവുന്നവയോ അല്ല. ഇന്ത്യ പൂർണാർഥത്തിൽ ഒരു ബഹുസ്വര രാഷ്ട്രമാണ്. ഇവിടത്തെ ദാരിദ്ര്യം, തൊഴിലില്ലായ്മ, അഴിമതി, മദ്യപാനം, സദാചാരത്തകർച്ച, ആഗോളവത്കരണ ദുരന്തങ്ങൾ, പാരിസ്ഥിതിക പ്രശ്നങ്ങൾ, ജലദൗർലഭ്യത തുടങ്ങിയ ഒട്ടേറെ വിഷയങ്ങൾ ഏതെങ്കിലുമൊരു സമുദായവുമായി മാത്രം ബന്ധപ്പെട്ടവയല്ല. രാജ്യത്തെ ജനങ്ങളുടെ മുഴുവൻ പ്രശ്നമാണ്. സമൂഹത്തിന്റെ സത്വര ശ്രദ്ധ പതിയേണ്ടതും വിവിധ മത-ജാതി വിഭാഗങ്ങൾ ഒരുമിച്ചുനിന്ന് പരിഹാരം കാണേണ്ടതുമായ ഇത്തരം വിഷയങ്ങളെ സാമുദായികമായി വേർതിരിക്കുക അസാധ്യവും ആക്ഷേപാർഹവുമാണ്. ഇസ്‌ലാമിക സാമൂഹിക-രാഷ്ട്രീയ വ്യവസ്ഥ സ്ഥാപിതമായാൽ മാത്രമേ ഇത്തരം പ്രശ്നങ്ങളിൽ ഇടപെടൂ എന്നു വെക്കാൻ വിശ്വാസിക്കു സാധ്യമല്ല. ഒരു ബഹുസ്വരസമൂഹത്തിൽ, അനീതിക്കും അക്രമത്തിനുമെതിരെ, നീതിക്കും നന്മ സ്ഥാപിക്കാനും വേണ്ടി സ്വയമേവ സമരം നടത്തലും സമരരംഗത്തുള്ളവരുമായി സഹകരിക്കലും മുസ്‌ലിംകളുടെ ബാധ്യതയാണ്.

മഹാനായ പണ്ഡിതൻ ഇബ്നു തൈമിയ്യയുടെ ജീവിതത്തിലെ ഒരു സംഭവം കാണുക: താർത്താരികൾ സിറിയയെ ആക്രമിച്ച് നിരവധി തദ്ദേശീയരെ ബന്ദികളാക്കി. ബന്ദികളിൽ മുസ്‌ലിംകളും അമുസ്‌ലിംകളുമുണ്ട്. താർത്താരികളുമായി സന്ധിസംഭാഷണം നടത്താൻ ഇബ്നു തൈമിയ്യയാണ് നിയോഗിക്കപ്പെട്ടത്. അദ്ദേഹം താർത്താരികളുടെ നേതാവ് ഖതലൂഷയോട് സംസാരിച്ചു. മുസ്‌ലിംബന്ദികളെ വിട്ടയക്കാൻ അവർ സമ്മതിച്ചു. പക്ഷേ, അമുസ്‌ലിംകളെയും മോചിപ്പിക്കണമെന്ന് ഇബ്നു തൈമിയ്യ ആവശ്യപ്പെട്ടു. മുസ്‌ലിംകളുടെ മാത്രം മോചനം അസ്വീകാര്യമാണെന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. ''ഞങ്ങളുടെ സംരക്ഷണത്തിൽ കഴിയുന്ന ഒരു അമുസ്‌ലിം ബന്ദിയെയും ഞങ്ങൾക്ക് ഒഴിവാക്കാൻ നിവൃത്തിയില്ല. കടമകളിലും അവകാശങ്ങളിലും ഞങ്ങളും അവരും തുല്യരാണ്''-ഇബ്നു തൈമിയ്യയുടെ ആവശ്യം അംഗീകരിക്കുകയാണ് താർത്താരികൾ ചെയ്തത്.

എന്തായിരിക്കും ഇത്തരമൊരു നിലപാടെടുക്കാൻ ഇബ്നുതൈമിയ്യയെ പ്രേരിപ്പിച്ച ഘടകം? സാമുദായിക വിവേചനങ്ങൾക്കതീതമായി മാനുഷികപ്രശ്നങ്ങളെ സമീപിക്കണമെന്ന ഇസ്‌ലാമിക പാഠംതന്നെ.

വിശുദ്ധ ഖുർആനിലെ ഒരു വചനം കാണുക: "നിശ്ചയം അല്ലാഹു നീതിയും നന്മയും പ്രവർത്തിക്കാനും കുടുംബബന്ധങ്ങൾ പുലർത്താനും അനുശാസിക്കുന്നു. മ്ലേഛതയും നിഷിദ്ധവും അക്രമവും വിരോധിക്കുകയും ചെയ്യുന്നു" (*അന്നഹ്ൽ* 90). നീതി സ്ഥാപിക്കാനും നന്മ ചെയ്യാനും പാർശ്വവത്കൃതരുടെ ഉന്നമനത്തിനായി യത്നിക്കാനുമുള്ള ആഹ്വാനത്തിൽ എവിടെയാണ് സാമുദായികവിവേചനമുള്ളത്? ഒന്നാമതായി പറഞ്ഞ 'നീതി' ശത്രുവിനോടു പോലും പാലിക്കപ്പെടേണ്ടതാണ്. എങ്കിൽപിന്നെ ശേഷിക്കുന്നവരിൽ സാമുദായിക വേർതിരിവുണ്ടാവുകയില്ലെന്നുറപ്പാണ്. അനേകം നബിവചനങ്ങൾ ഇതിന് അടിവരയിടുന്നുണ്ട്. അനസ്(റ) നിവേദനം ചെയ്യുന്നു: "നബി(സ) പറഞ്ഞു: സൃഷ്ടികൾ മുഴുവൻ അല്ലാഹുവിന്റെ കുടുംബമാണ്. അവന്റെ കുടുംബത്തിൽ ഏറ്റവും കൂടുതൽ ഉപകാരം ചെയ്യുന്നവരാരോ അവരാണ് അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ടവർ" (*അത്തയ്സീറു ബിശ്ശർഹീ ജാമിഉസ്സ്വഗീർ*). മനുഷ്യരെ ഒരു കുടുംബമായി കണ്ടുകൊണ്ട് ജനക്ഷേമ പ്രവർത്തനങ്ങളാണ് ഹദീസ് പഠിപ്പിക്കുന്നത്. നബി(സ) പറഞ്ഞു: "മനുഷ്യരോട് കാരുണ്യം കാണിക്കാത്തവരോട് അല്ലാഹുവും കാരുണ്യം കാണിക്കുകയില്ല" (ബുഖാരി). "കരുണയുള്ളവരോട് കാരുണ്യവാനായ അല്ലാഹുവും കാരുണ്യം കാണിക്കുന്നു. അതിനാൽ നിങ്ങൾ ഭൂവാസികളോട് കാരുണ്യം കാണിക്കുക. എങ്കിൽ ആകാശം നിങ്ങളിലും കാരുണ്യം വർഷിക്കും" (തിർമിതി).

വിശുദ്ധ ഖുർആനിലെ *അദ്ദഹ്ർ* അധ്യായത്തിലെ എട്ടാം സൂക്തം ശ്രദ്ധേയമാണ്: "അവർ (വിശ്വാസികൾ) തങ്ങൾക്ക് ആഗ്രഹമുണ്ടായിട്ടുകൂടി അഗതികൾക്കും അനാഥർക്കും അടിമകൾക്കും/ ബന്ദികൾക്കും ആഹാരം നൽകുന്നവരാണ്." ഈ അധ്യായം മദീനയിലാണ് അവതരിച്ചത്. പക്ഷേ, ഇബ്നു അബ്ബാസ്, മുഖാതിർ, കൽബീ, യഹ്യബ്നു സലാം എന്നിവർ ഈ ആയത്ത് മക്കയിൽ ഇറങ്ങിയതാണെന്ന് പറഞ്ഞിട്ടുണ്ട്. സ്വഹാബിശിഷ്യനും ഖുർആൻ വ്യാഖ്യാതാവുമായ ഇക്‌രിമ *ബന്ദി* എന്ന് പൊതുവെ അർഥം പറയാറുള്ള, സൂക്തത്തിലെ *അസീർ* എന്ന പദത്തിന് 'അടിമ' എന്ന അർഥമാണ് നൽകിയിട്ടുള്ളത്. അടിമത്തവും ഒരർഥത്തിൽ ബന്ധനമാണ്. മക്കയിൽ അക്കാലത്ത് ഉണ്ടായിരുന്ന അനാഥരും അഗതികളും അടിമകളും ഭൂരിപക്ഷവും അമുസ്‌ലിംകളായിരുന്നു. മക്കയിലെ പ്രമാണിമാർ വളരെ ക്രൂരമായാണ് അവരോട് പെരുമാറിയിരുന്നത്. ചൂഷണാധി

ഷ്ഠിതമായ ഒരു സാമൂഹിക-സാമ്പത്തികാവസ്ഥയായിരുന്നു അവിടെ നിലനിന്നിരുന്നത്. അത്തരമൊരു സമൂഹത്തിലെ മർദിത ജനതക്ക് ആശ്വാസമെത്തിക്കാനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കാനും വേണ്ടിയുള്ള പോരാട്ടങ്ങൾക്കാണ് ഖുർആൻ ആഹ്വാനം ചെയ്യുന്നത്. വിശാലമായ അർഥതലത്തിൽ വിശകലനം ചെയ്യുമ്പോൾ അടിമകൾ, അഗതികൾ തുടങ്ങിയ വിഭാഗങ്ങൾക്ക് ഇന്ത്യയെപ്പോലുള്ള ബഹുസ്വരസമൂഹത്തിൽ ഒട്ടേറെ ഉദാഹരണങ്ങൾ കാണാൻ കഴിയും. ദലിതർ, ആദിവാസികൾ, പട്ടിക ജാതി-വർഗക്കാർ..... അവർണരും കീഴാളരുമായി മുദ്രകുത്തപ്പെട്ട ഈ 'മനുഷ്യ'രുടെ അവകാശങ്ങൾ സംരക്ഷിക്കാനും, അവരെ വിമോചിപ്പിക്കാനുമുള്ള പ്രവർത്തനങ്ങൾ നടത്താൻ മാനവികത ഉയർത്തിപ്പിടിക്കുന്ന മതത്തിന്റെ അനുയായികൾക്ക് ബാധ്യതയുണ്ട്. മുഹമ്മദ് നബിക്ക് അല്ലാഹു നൽകിയ വിമോചകനെന്ന വിശേഷണം (*അൽഅഅ്റാഫ്* 157) മുസ്‌ലിംസമൂഹം അനന്തരമെടുക്കേണ്ടതുണ്ട്.

അടിച്ചമർത്തപ്പെട്ടവന്റെ അവകാശം സംരക്ഷിക്കുന്നതിനായി നബി(സ) നടത്തിയ ഉജ്ജ്വലമായ പോരാട്ടങ്ങളിലൊന്ന് ശ്രദ്ധിക്കുക. അബൂജഹ്ൽ ഒരു അനാഥന്റെ രക്ഷിതാവായിരുന്നു. ഒരിക്കൽ ആ കുട്ടി തന്റെ പിതൃസ്വത്തിൽനിന്ന് ഒരു വിഹിതം തനിക്ക് തരണമെന്നപേക്ഷിച്ചുകൊണ്ട് അബൂജഹ്ലിനെ സമീപിച്ചു. അപ്പോൾ ശരീരത്തിൽ വസ്ത്രം പോലുമില്ലാത്ത അവസ്ഥയിലായിരുന്നു ആ കുട്ടി. പക്ഷേ, ആ അക്രമി കുട്ടിയെ ശ്രദ്ധിക്കുകപോലും ചെയ്തില്ല. വളരെ നേരം കേണുനിന്ന ശേഷം അവൻ നിരാശനായി തിരിച്ചുപോയി. വഴിക്കുവെച്ച് ഖുറൈശി പ്രമാണിമാർ ഒരു തമാശക്കുവേണ്ടി ഇങ്ങനെ ഉപദേശിച്ചു: 'നീ ചെന്ന് മുഹമ്മദിനോട് പറ. അയാൾ അബൂജഹ്ലിനോട് ശിപാർശ ചെയ്ത് നിന്റെ പണം വാങ്ങിത്തരും'. നിഷ്കളങ്കനായ ആ ബാലൻ പ്രവാചകന്റെ അടുത്ത് ചെന്ന് പരാതി ബോധിപ്പിച്ചു. അദ്ദേഹം ഉടനെ എഴുന്നേറ്റ് തന്റെ കുട്ടിയെ കൂട്ടി തന്റെ ബദ്ധവൈരിയായ അബൂജഹ്ലിന്റെ അടുത്തുചെന്നു. നബിയെ അബൂജഹ്ൽ സ്വാഗതം ചെയ്തു. നബി ഈ കുട്ടിയുടെ അവകാശം അവന് കൊടുക്കുക എന്നു പറഞ്ഞപ്പോൾ അയാൾ ഉടനെ അത് സമ്മതിച്ചു. മുതൽ എടുത്തുകൊണ്ട് വന്ന് കുട്ടിക്ക് കൊടുത്തു. ഖുറൈശി പ്രമാണിമാർ കാത്തുനിൽക്കുന്നുണ്ടായിരുന്നു, അവർ തമ്മിൽ നടക്കുന്നതെന്താണെന്നു കാണാൻ ഒരു ഏറ്റുമുട്ടലായിരുന്നു അവർ ആഗ്രഹിച്ചത്. പക്ഷേ, നടന്ന സംഭവം കണ്ട് അവർ അത്ഭുതപ്പെട്ടു. അബൂജഹ്ലിനോട് അവർ ചോദിച്ചു: നിങ്ങളും മതം മാറിയോ? അയാൾ പറഞ്ഞു: ദൈവത്താണ, ഞാൻ മതം മാറിയിട്ടില്ല. പക്ഷേ, മുഹമ്മദിന്റെ ഇടത്തും വലത്തും രണ്ട് കുന്തങ്ങൾ ഞാൻ അയാളുടെ തൃപ്തിക്കെതിരായി വല്ലതും ചെയ്താൽ ഉടനെ എന്റെ മേൽ തുളഞ്ഞു കയറാൻ ആഞ്ഞുനിൽക്കുന്നതായി എനിക്കു തോന്നി (*അഅ്ലാമുന്നുബുവ*- ഖാദി അബുൽ ഹുസൈൻ അൽമാവർദി). അവകാശം നിഷേധിക്കപ്പെട്ട ആ അനാഥബാലൻ മുസ്‌ലിമായിരുന്നുവെന്നതിന് തെളിവൊന്നുമില്ല. മതവും സമുദായവുമല്ല നീതിനിഷേധിക്കപ്പെട്ട മനുഷ്യരായിരുന്നു നബി(സ)യുടെ മുമ്പിലുണ്ടായിരുന്നത്. മക്കാ തെരുവിൽ ഭാരമേറിയ ഭാണ്ഡം ചുമക്കാനാകാതെ പ്രയാസപ്പെട്ട വൃദ്ധയെ നബി സഹായിച്ച സംഭവം വിശ്രുതമാണ്. സംഭവത്തിനു ശേഷമാണ് അവർ ഇസ്‌ലാം സ്വീകരിച്ചതെന്ന് ഹദീസിലുണ്ട്. അമുസ്‌ലിമായതിനാൽ അവരെ അവഗണിക്കുകയായിരുന്നില്ല, കഷ്ടപ്പെടുന്നവരെന്ന നിലക്ക് സഹായിക്കുകയാണ് നബി(സ) ചെയ്തത്.

## ദാനധർമങ്ങൾ

നന്മയുടെ പ്രയോക്താക്കളാകാനും ജനക്ഷേമകരമായ പ്രവർത്തനങ്ങളിലേർപ്പെടാനും ഖുർആൻ സത്യവിശ്വാസികളെ ആഹ്വാനം ചെയ്തിട്ടുണ്ട്. അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ പേരിൽ മനുഷ്യൻ തനിക്ക് പ്രിയപ്പെട്ട ധനം ബന്ധുക്കൾ, അഗതികൾ, അനാഥർ, വഴിയാത്രക്കാർ, സഹായമർഥിക്കുന്നവർ, അടിമ മോചനം തുടങ്ങിയവർക്കു വേണ്ടി വ്യയം ചെയ്യലാണ് പുണ്യത്തിന്റെ/ നന്മയുടെ ഒരു ഭാഗമെന്ന് ഖുർആൻ (*അൽബഖറ* 177) വ്യക്തമാക്കിയിട്ടുണ്ട്. നിർബന്ധവും ഐഛികവുമായ ഒട്ടേറെ ദാനധർമങ്ങൾ ഇസ്‌ലാമികാധ്യാപനങ്ങളിലുണ്ട്. എന്നാൽ അവയിലേതെങ്കിലുമൊന്നിൽ മതപരമോ സാമുദായികമോ ആയ വേർതിരിവ് ഖുർആൻ കൽപിച്ചതായി കാണുന്നില്ല. മറ്റു സമുദായക്കാരെ അപരവത്കരിച്ച് അവഗണിച്ച് സ്വസമുദായത്തിലേക്ക് മാത്രം ചുരുങ്ങുന്നത് അപകടകരമായ വർഗീയധ്രുവീകരണത്തിന് കാരണമാകും. വർഗീയതയാകട്ടെ ഇസ്‌ലാമിന്റെ ആദർശ ശത്രുവുമാണ്. മുസ്‌ലിംകൾ മുസ്‌ലിംകളിലെ ദരിദ്രരെയും കഷ്ടപ്പെടുന്നവരെയും മാത്രം പരിഗണിച്ചാൽ മതിയെന്നും അമുസ്‌ലിംകൾക്ക് ദാനധർമങ്ങൾ ചെയ്യേണ്ടതില്ലെന്നുമുള്ള ചിന്ത ഒരു ഘട്ടത്തിൽ എങ്ങനെയോ മുസ്‌ലിംകളുടെ മനസ്സിൽ കടന്നുകൂടി. മുസ്‌ലിം അഗതികളെ സഹായിക്കുന്നത് മാത്രമേ 'അല്ലാഹുവിന്റെ മാർഗത്തിലുള്ള' ധനവ്യയമാകൂ എന്നായിരുന്നു അവരുടെ തെറ്റുധാരണ. മുസ്‌ലിംകളിൽ തന്നെ ധാരാളം ദരിദ്രരുണ്ടല്ലോ എന്ന ചോദ്യവും ഉയർന്നു. ഈ തെറ്റുധാരണ തിരുത്തിക്കൊണ്ട് അല്ലാഹു ഇടപെട്ടു: "പ്രവാചകരേ, ജനങ്ങളെ സന്മാർഗത്തിലാക്കേണ്ട ഉത്തരവാദിത്വം താങ്കൾക്കില്ല. അല്ലാഹു അവനിഛിക്കുന്നവരെ സന്മാർഗത്തിലാക്കുന്നു. ധർമമാർഗത്തിൽ നിങ്ങൾ ചെലവഴിക്കുന്നത് അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് മാത്രമാണല്ലോ. ധർമമാർഗത്തിൽ നിങ്ങൾ ചെലവഴിക്കുന്നതെന്തിനും നിങ്ങൾക്ക് പരിപൂർണമായി പ്രതിഫലം നൽകപ്പെടുന്നതാകുന്നു. നിങ്ങളുടെ അവകാശം അല്ലാഹു ഹനിക്കപ്പെടുകയില്ല" (*അൽബഖറ* 172). അല്ലാഹുവിന്റെ പ്രീതിയാഗ്രഹിച്ചാണോ ദുർബലരെ സഹായിക്കുന്നത് എന്ന് പരിഗണിച്ചാണ്, സഹായം നൽകപ്പെടുന്നവന്റെ മതവും സമുദായവും നോക്കിയല്ല അല്ലാഹു പ്രതിഫലം നൽകുന്നത് എന്നും, അമുസ്‌ലിംകൾക്ക് ദാനം നൽകിയാലും പ്രതിഫലം ലഭിക്കുമെന്നും ഈ ആയത്ത് സംശയാതീതമായി വിശദീകരിക്കുന്നു. എന്തെങ്കിലും വിവേചനമില്ലാതെയാണ് ഖുർആൻ ഇതേക്കുറിച്ച് പറഞ്ഞിട്ടുള്ളത്. എന്നാൽ 'ദാനം നൽകാവുന്നത് മുസ്‌ലിംകളുടെ കൂടെ കഴിയുന്ന ദിമ്മികൾക്കും യുദ്ധത്തടവുകാർക്കും മാത്രമാണെന്ന് ചില പണ്ഡിതർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ വിവേചനം ബാലിശമാണ്. യുദ്ധത്തടവുകാർ ശത്രു സമൂഹത്തിൽപെട്ടവരായിരിക്കും. അവരെ സഹായിക്കാമെങ്കിൽ, പിന്നെ ശത്രുതയില്ലാത്ത ഇതര സമുദായാംഗങ്ങളെ സഹായിക്കാവതല്ലെന്ന വാദത്തിന് നിലനിൽപില്ല' (*ഖുർത്വുബി* 3-4/337-339).

ജനസേവന പ്രവർത്തനങ്ങളെ മതവിശ്വാസവുമായി ബന്ധിച്ച് വിവേചനം കാണിക്കരുതെന്നും ഈ സംഭവത്തിലൂടെ ഖുർആൻ മുസ്‌ലിംകളെ ഉദ്ബോധിപ്പിക്കുന്നു. സന്മാർഗം നൽകുന്നത് അല്ലാഹുവാണ്. ഒരു വിഭാഗത്തിന് അവൻ സന്മാർഗം നൽകിയില്ല എന്നത് അവൻ നൽകിയ വിഭവങ്ങളിൽനിന്ന് അവർക്കു വേണ്ടി വ്യയം ചെയ്യുന്നതിന് തടസ്സമാകരുത്. പട്ടിണി കിടക്കുന്നവന്റെ രോദനങ്ങളും ദുർബലന്റെ വേദനകളും മർദിതന്റെ ആർത്തനാദങ്ങളും മാനവികതയുടെ വിശാലമായ കാൻവാസിൽനിന്നുകൊണ്ടാണ് പരിഗണിക്കേണ്ടത്. മുസ്‌ലിംകളും അമുസ്‌ലിംകളും തോളുരുമ്മിക്കഴിയുന്ന ഒരു ബഹുസ്വര സമൂഹത്തിൽ ഫിത്വ്ർ സകാത്ത്, ബലിമാസം തുടങ്ങിയ ദാനധർമങ്ങളുടെ വിതരണവും ജീവകാരുണ്യ പ്രവർത്തനങ്ങളും സാമുദായിക വിവേചനത്തോടെ മാത്രം നടപ്പിലാക്കുന്നതിന്റെ അനഭിലഷണീയമായ പ്രതികരണം ഗൗരവപൂർവം ചിന്തിക്കേണ്ടതുണ്ട്. മുസ്‌ലിം

-അമുസ്‌ലിം സഹവർത്തിത്വത്തിൽ ഉണ്ടാകാവുന്ന തെറ്റുധാരണകൾ ദൂരീകരിച്ചുകൊണ്ട് അല്ലാഹു പറയുന്നു: "മതത്തിന്റെ പേരിൽ നിങ്ങളോട് യുദ്ധം ചെയ്തിട്ടില്ലാത്തവരോടും നിങ്ങളെ നിങ്ങളുടെ വീടുകളിൽനിന്ന് ആട്ടിയോടിച്ചിട്ടില്ലാത്തവരുമായ ആളുകളോട് നന്മയിലും നീതിയിലും വർത്തിക്കുന്നത് അല്ലാഹു വിലക്കുകയില്ല. നിശ്ചയം അല്ലാഹു നീതിനിഷ്ഠയുള്ളവരെ സ്നേഹിക്കുന്നു" (*അൽമുംതഹിന* 8).

അമുസ്‌ലിംകളോടുള്ള സഹവർത്തിത്വത്തെക്കുറിക്കാൻ *ബിർറ്, ഖിസ്ത്* എന്നീ പദങ്ങളാണ് ഖുർആൻ ഉപയോഗിച്ചിട്ടുള്ളത്. നന്മ, പുണ്യം എന്നൊക്കെ ഭാഷാന്തരം ചെയ്യാറുള്ള *ബിർറ്* അർഥവൈപുല്യമുള്ള പദമാണ്. ഖുർആന്റെ തന്നെ വിവരണമനുസരിച്ച് ദുർബല ജനവിഭാഗങ്ങൾക്ക് ആശ്വാസമെത്തിക്കുന്ന ജനക്ഷേമകരമായ പ്രവൃത്തികളാണ് *ബിർറി*ന്റെ പ്രധാനപ്പെട്ടൊരു ഭാഗം. അല്ലാഹുവിന്റെ പ്രീതി ആഗ്രഹിച്ചുകൊണ്ട് കഷ്ടപ്പെടുന്നവർക്കു വേണ്ടി സമ്പത്ത് വ്യയം ചെയ്യുകയെന്നത് അതിന്റെ മുഖ്യ മാർഗമാണ് (ഖുർആൻ 2:177, 3:92). അമുസ്‌ലിംകൾക്ക് നന്മ ചെയ്യുന്നത് അല്ലാഹു വിലക്കിയില്ലെന്ന പ്രഖ്യാപനം അവർക്ക് ദാനധർമങ്ങൾ നൽകാം എന്നതിനുള്ള തെളിവാണ്. ഇനി രണ്ടാമത്തെ പദമായ *ഖിസ്തി*നെക്കുറിച്ച് ചിന്തിക്കുക. നീതി എന്നാണ് പൊതുവെ *ഖിസ്തി*ന് നൽകാറുള്ള അർഥം. എന്നാൽ ഈ ആയത്തിൽ 'സമ്പത്തിന്റെ വിഹിതം' എന്നാണ് *ഖിസ്തി*ന് ഖുർആൻ വ്യാഖ്യാതാക്കളിൽ ചിലർ നൽകിയ വിശദീകരണം. "അമുസ്‌ലിംകളോട് *ഖിസ്ത്* കാണിക്കുകയെന്നാൽ, സത്യവിശ്വാസികൾ തങ്ങളുടെ സമ്പത്തിന്റെ ഒരു വിഹിതം മാനുഷികബന്ധങ്ങളുടെ ഭാഗമായി അവർക്ക് നൽകുക എന്നതാണ്. നീതി കാണിക്കുക എന്നതല്ല ഇവിടെ ഉദ്ദേശ്യം. കാരണം, നീതി ശത്രുവിനോടും മിത്രത്തോടും ഒരുപോലെ പുലർത്തേണ്ടതാണ്'' (*ഖുർത്വുബി* 17-18/59). മുസ്‌ലിംകളുടെ സമ്പത്തിന്റെ ഒരു വിഹിതം അമുസ്‌ലിംകളിലെ ജനക്ഷേമപ്രവർത്തനങ്ങൾക്കു വേണ്ടി വിനിയോഗിക്കാം എന്ന് ഇതിൽനിന്ന് വ്യക്തമാകുന്നു. ഇതിന്റെ ഒട്ടേറെ പ്രായോഗിക മാതൃകകൾ നബിയുടെയും ഖലീഫമാരുടെയും പൂർവകാല മുസ്‌ലിംകളുടെയും ചരിത്രത്തിൽ കാണാവുന്നതാണ്. നബി(സ) മക്കയിലെയും മദീനയിലെയും അമുസ്‌ലിംകളെ പല രീതിയിലും സഹായിച്ചിരുന്നു. മക്കയിൽ ക്ഷാമം പടർന്നു പിടിച്ച സന്ദർഭത്തിൽ അവിടത്തുകാർക്ക് സഹായം അയച്ചുകൊടുത്തതായി നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. ഉമർ(റ) മക്കയിൽ താമസിച്ച അമുസ്‌ലിമായ തന്റെ സഹോദരന് മദീനയിൽനിന്ന് സമ്മാനങ്ങൾ അയച്ചുകൊടുത്തിരുന്നതായി ഹദീസുകളിലുണ്ട് (ഫത്ഹുൽ ബാരീ 5/275). അബൂഉബൈദ് *അൽഅംവാലിൽ* ഉമറുബ്നു അബ്ദിൽ അസീസ് ബസ്വറയിലെ തന്റെ ഗവർണർക്കെഴുതിയ ആ കത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്: "നിന്റെ മുമ്പിലുള്ള വൃദ്ധരും ദുർബലരും ജീവിതമാർഗങ്ങൾ നിലച്ചവരുമായ അമുസ്‌ലിം പൗരന്മാർക്ക് ആവശ്യങ്ങൾ പൂർത്തീകരിക്കാവുന്ന ധനം മുസ്‌ലിംകളുടെ ഖജനാവിൽ (ബൈത്തുൽമാൽ) നിന്ന് സ്ഥിരമായി നൽകണം" (*അൽഅംവാൽ* പേജ് 46, *ഫിഖ്ഹുസ്സകാത്ത്* 2/708). അബ്ദുല്ലാഹിബ്നു അബ്ബാസ് ബലിമാംസം ജൂതനായ അയൽവാസിക്ക് നൽകിയ സംഭവം കഴിഞ്ഞ ലേഖനത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. താബിഉകളിൽപെട്ട ചിലർ ക്രൈസ്തവ പുരോഹിതന്മാർക്ക് ഫിത്ർ സകാത്ത് നൽകിയിരുന്നതായി അബൂ ഉബൈദും ഇബ്നു അബീശൈബയും രേഖപ്പെടുത്തിയിട്ടുണ്ട് (*അൽഅംവാൽ* 613,614, *അൽമുസ്വന്നഫ്* 4/39, *ഫിഖ്ഹുസ്സകാത്ത്* 2/704). ഫിത്വർ സകാത്ത്, പ്രായശ്ചിത്ത ദാനങ്ങൾ, നേർച്ചകൾ തുടങ്ങിയവ മുസ്‌ലിംകളുമായി കരാറിലേർപ്പെട്ട് ജീവിക്കുന്ന അമുസ്‌ലിംകൾക്കും നൽകാം എന്ന് അബൂഹനീഫയും മുഹമ്മദും മറ്റു ചില പണ്ഡിതന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഖുർആൻ അഗതികൾക്കും അനാഥർക്കുമുള്ള സഹായങ്ങളെക്കുറിച്ച് നടത്തിയിട്ടുള്ള പ്രസ്താവങ്ങളും സാമുദായിക വിഭാഗീയതകളില്ലാത്ത പൊതുസ്വഭാവത്തിലുള്ളതാണ് (*അൽബഖറ* 271, *അൽമാഇദ* 89, *അൽമുജാദല* 4).

'ദിമ്മി'കൾ എന്ന് വിശേഷിപ്പിക്കപ്പെടുന്നത് മുസ്‌ലിംകളുമായി കരാറിലേർപ്പെട്ട്, മുസ്‌ലിംകളുടെ സംരക്ഷണ ഉത്തരവാദിത്വത്തിൽ ഇസ്‌ലാമിക രാഷ്ട്രത്തിനകത്ത് താമസിക്കുന്ന അമുസ്‌ലിം പൗരന്മാരാണ്. ബഹുസ്വര സമൂഹത്തിലെ അമുസ്‌ലിം സഹോദരന്മാർ അവരേക്കാളേറെ ബന്ധവും സഹകരണവുമുള്ളവരാണ്. അതുകൊണ്ട് ദിമ്മികൾക്ക് നൽകാവുന്ന ദാനധർമങ്ങൾ ബഹുസ്വര രാഷ്ട്രത്തിലെ അമുസ്‌ലിംകൾക്ക് കൂടുതൽ അർഹതയുള്ളതായിത്തീരുന്നു.

നിർബന്ധ ദാനമായ സകാത്ത് മുസ്‌ലിംകളിൽനിന്ന് പിരിച്ചെടുത്ത് മുസ്‌ലിംകളിൽ മാത്രം വിതരണം ചെയ്യേണ്ടതാണെന്നാണ് പണ്ഡിതന്മാരുടെ അഭിപ്രായം. എന്നാൽ, വിശുദ്ധ ഖുർആന്റെ പിൻബലം ഈ വിവേചനത്തിന് ഉണ്ടോ എന്ന് ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. ഖുർആൻ (*അത്തൗബ* 60) സകാത്തിന്റെ എട്ട് അവകാശികളെ പരിചയപ്പെടുത്തിയിട്ടുണ്ട്. അതിൽ മുസ്‌ലിംകൾക്ക് മാത്രം എന്ന് വേർതിരിച്ചു പറഞ്ഞിട്ടില്ല. അതുകൊണ്ട് അമുസ്‌ലിംകളും അതിന്റെ അവകാശിഗണത്തിൽ ഉൾപ്പെടാവുന്നതാണ്. എട്ടിൽ ഒരു വിഭാഗം 'ഹൃദയമിണക്കപ്പെടേണ്ടവർ' ആണ്. മുസ്‌ലിംകളോട് ശത്രുതയിൽ കഴിയുന്നവരും അല്ലാത്തവരുമായ അമുസ്‌ലിംകളാണ് ഈ ഇനത്തിൽ വരിക. ഇബ്നു സീരീൻ, സുഹ്‌രി തുടങ്ങിയ പണ്ഡിതർ അമുസ്‌ലിംകൾക്കും സകാത്ത് നൽകാം എന്ന അഭിപ്രായക്കാരാണ് (*അൽമജ്മൂഅ ലിന്നഖവി* 6/228). ഇമാം അബൂഹനീഫയുടെ അനുയായികളിൽ ചിലർ ദിമ്മികൾക്കും സകാത്ത് നൽകാം എന്ന് അഭിപ്രായപ്പെട്ടതായി സർഖശീ രേഖപ്പെടുത്തിയിട്ടുണ്ട് (*അൽമബ്സൂത്* 2/202).

ഇബ്നു അബീശൈബ ജാബിറുബ്നു സുബൈദിൽനിന്ന് ഉദ്ധരിക്കുന്നു: സകാത്ത് ആർക്കൊക്കെ വിതരണം ചെയ്യണമെന്ന് അദ്ദേഹത്തോട് ചോദിച്ചു. അദ്ദേഹമതിന് ഇങ്ങനെ മറുപടി നൽകി: നിങ്ങളുടെ മില്ലത്തിൽ പെട്ട മുസ്‌ലിംകൾക്കും നിങ്ങളുടെ സംരക്ഷണത്തിലുള്ള അമുസ്‌ലിംകൾക്കും. എന്നിട്ടദ്ദേഹം പറഞ്ഞു: നബി സംരക്ഷണയിലുള്ള അമുസ്‌ലിംകൾക്ക് സ്വദഖയും സമാർജിത സമ്പത്തിന്റെ അഞ്ചിലൊന്നും നൽകാറുണ്ടായിരുന്നു (*മുസ്വന്നഫ് - ഇബ്നു അബീശൈബ* 4/40). നിർബന്ധ ദാനത്തെ അഥവാ സകാത്തിനെക്കുറിച്ചാണ് ഈ ചോദ്യമെന്നത് വ്യക്തമാണ്. കാരണം നബി(സ)യുടെ സമക്ഷം ഒരുമിച്ചുകൂട്ടുകയും വിതരണംചെയ്യുകയും ചെയ്യാറുണ്ടായിരുന്നത് കൂടുതലും നിർബന്ധ ദാനമായ സകാത്ത് ആയിരുന്നു. ഉമർ(റ) ജൂത -ക്രൈസ്തവർക്ക് സകാത്തിൽനിന്ന് വിഹിതം നൽകിയിരുന്നു. സകാത്തിന്റെ അവകാശികളിലൊന്നായ 'അഗതികൾ' ജൂത-ക്രൈസ്തവരിൽ പെട്ടവരാണെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. ഉമറിന്റെ ഈ നടപടി തെളിവായെടുത്തുകൊണ്ടാണ് പണ്ഡിതർ സകാത്ത് അമുസ്‌ലിംകൾക്ക് കൊടുക്കാമെന്ന് പറഞ്ഞിട്ടുള്ളത് (*മുസ്വന്നഫ്* ഇബ്നു അബീശൈബ 4/40, *കിതാബുൽ ഖറാജ്* 126, *അർറൗളുന്നദീർ* 2/426, *അൽ ബഹ്റുസ്സഖാർ* 2/185, *തഫ്സീറുത്ത്വബരി* 14/308, *ഫിഖ്ഹുസ്സകാത്ത്* 2/705 -708).

### നീതിനിർവഹണം

സാമുദായിക പക്ഷപാതിത്വം ഏറ്റവും വേഗത്തിൽ ആവേശിക്കാൻ സാധ്യതയുള്ള മേഖലയാണ് ഭിന്ന മത-സമുദായാംഗങ്ങൾ തമ്മിലുള്ള തർക്കങ്ങളിലെ വിധിതീർപ്പ്. മുസ്‌ലിമും അമുസ്‌ലിമും തമ്മിലുള്ള ഏതൊരു കേസിലും മുസ്‌ലിം സമൂഹം നീതിയു

ടെയും സത്യത്തിന്റെയും പക്ഷത്താണ് നിലയുറപ്പിക്കേണ്ടത്. സാമുദായിക വികാരത്തിന്റെ അടിസ്ഥാനത്തിൽ, നീതിയെ അട്ടിമറിച്ചുകൊണ്ട് തെറ്റ് മുസ്‌ലിമിന്റെ പക്ഷത്താണെങ്കിൽ മുസ്‌ലിംകൾ അമുസ്‌ലിമിന്നനുകൂലമായി നീതിയുടെ ഭാഗത്ത് നിലകൊള്ളണം. മുസ്‌ലിംകളോട് ശത്രുത പ്രഖ്യാപിച്ചവനാണ് അമുസ്‌ലിമെങ്കിലും ഇതിൽ മാറ്റമില്ല. ഖുർആന്റെ ഖണ്ഡിതമായ വിധിയാണിത്. “അല്ലയോ സത്യവിശ്വാസികളേ, നിങ്ങൾ നീതിയുടെ ധ്വജവാഹകരും അല്ലാഹുവിനു വേണ്ടി സാക്ഷ്യം വഹിക്കുന്നവരുമായിരിക്കുവിൻ. നിങ്ങളുടെ നീതിനിഷ്ഠയുടെയും സാക്ഷ്യത്തിന്റെയും ഫലം നിങ്ങൾക്കുതന്നെയോ, നിങ്ങളുടെ മാതാപിതാക്കൾക്കോ ബന്ധുമിത്രാദികൾക്കോ എതിരായിരുന്നാലും.... നിങ്ങൾ സ്വേഛയെ പിൻപറ്റി നീതിയിൽനിന്നകന്നുപോകാതിരിക്കുവിൻ. നിങ്ങൾ വളച്ചൊടിച്ച് സംസാരിക്കുകയോ സത്യത്തിൽനിന്ന് ഒഴിഞ്ഞുമാറുകയോ ചെയ്യുകയാണെങ്കിൽ അറിഞ്ഞുകൊള്ളുക: നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതൊക്കെയും അല്ലാഹുവിന് വിവരമുണ്ട്” (*അന്നിസാഅ്* 135). മത-സാമുദായിക പരിഗണനകളില്ലാത്ത നിഷ്കൃഷ്ടമായ നീതിനിർവഹണത്തിന്റെ എത്രയെങ്കിലും സാക്ഷ്യങ്ങൾ ചരിത്രത്തിലുണ്ട്. തുഅ്മത്തുബ്നു ഉബൈരികിന്റെ സംഭവം ഉദാഹരണം. ബനൂസഫർ ഗോത്രക്കാരനായ അദ്ദേഹം ഒരു അൻസാരിയുടെ പടയങ്കി മോഷ്ടിച്ചു. ഉടമസ്ഥൻ അന്വേഷിക്കാൻ തുടങ്ങിയപ്പോൾ തുഅ്മ അതൊരു ജൂതനെ ഏൽപിച്ചു. തുഅ്മയും കുടുംബവും ചേർന്ന് കുറ്റം ജൂതനിൽ ആരോപിച്ചു. ജൂതൻ തന്റെ നിരപരാധിത്വം വെളിപ്പെടുത്തി. എന്നാൽ തുഅ്മയും കുടുംബക്കാരും ‘ഇവൻ യഹൂദിയും ദൈവനിഷേധിയുമാണ്. അതുകൊണ്ട് ഇവന്റെ വാദങ്ങൾ അംഗീകരിക്കരുത്. തുഅ്മ മുസ്‌ലിമാണ്. അതുകൊണ്ട് ഞങ്ങളുടെ വാദമാണ് അംഗീകരിക്കേണ്ടത്’ എന്ന തികച്ചും സാമുദായികവാദമാണ് തുഅ്മയുടെ പക്ഷക്കാർ ഉന്നയിച്ചത്. ബാഹ്യ തെളിവുകൾ യഹൂദിക്കെതിരായിരുന്നു. പക്ഷേ, നിഷ്കൃഷ്ടമായ നീതിയുടെ പക്ഷത്താണ് മുസ്‌ലിംകൾ നിലകൊള്ളേണ്ടതെന്നും സാമുദായികതാവാദം അംഗീകരിക്കാവതല്ലെന്നും പ്രഖ്യാപിച്ചുകൊണ്ട് ഖുർആൻ ആയത്തുകൾ അവതീർണമായി (*അന്നിസാഅ്* 105-112). സമുദായത്തിലെ അംഗം തെറ്റു ചെയ്താൽ അതിൽ ശിക്ഷ വേണ്ടതില്ലെന്നോ നന്നെ ചുരുങ്ങിയത് സംഭവം രഹസ്യമായി കൈകാര്യം ചെയ്യണമെന്നോ അല്ല, ലോകാവസാനം വരെ സമൂഹത്തിന് പാഠമാകേണ്ടതിന്നുകൂടി പരസ്യമായി കൈകാര്യം ചെയ്യുകയാണ് അല്ലാഹു ചെയ്തത്. ഖലീഫമാരും സ്വഹാബിമാരും മുസ്‌ലിം പൊതുജനങ്ങളുമെല്ലാം അമുസ്‌ലിംകളുമായി ഉണ്ടായിരുന്ന നിരവധി കേസുകളിൽ സത്യം അമുസ്‌ലിമിന്റെ പക്ഷത്തായതിനാൽ അവർക്കനുകൂലമായി ഇസ്‌ലാമിക കോടതിവിധി പ്രഖ്യാപിച്ച നിരവധി സംഭവങ്ങൾ കാണാം.

## കർമശാസ്ത്രത്തിന്റെ പുനരാവിഷ്കാരം

ബഹുസ്വര സമൂഹത്തിലെ മുസ്‌ലിം ജീവിതത്തെ സംബന്ധിച്ച ചർച്ചയിൽ മുഖ്യ വിഷയമാണ് ന്യൂനപക്ഷ കർമശാസ്ത്രം. നിലവിലുള്ള ഇസ്‌ലാമിക കർമശാസ്ത്രം (ഫിഖ്ഹ്) മുസ്‌ലിംകൾക്ക് ഭൂരിപക്ഷവും അധികാരവുമുള്ള, ഇസ്‌ലാമിക നിയമവ്യവസ്ഥ നടപ്പിലാക്കപ്പെടുന്ന രാഷ്ട്രങ്ങളിലാണ് രൂപം കൊണ്ടതും വളർന്നുവികസിച്ചതും. മുൻകാല കർമശാസ്ത്ര വിശാരദന്മാരുടെ ചർച്ചക്ക് വിഷയീഭവിക്കാത്ത സ്വഭാവത്തിലുള്ളതാണ് ആധുനിക ബഹുസ്വര സമൂഹങ്ങൾ. സാമൂഹിക-സാംസ്കാരിക പാരസ്പര്യത്തിന്റെയും സാമ്പത്തിക-രാഷ്ട്രീയ സഹകരണത്തിന്റെയും സാഹചര്യങ്ങളാണ് വിവിധ മത-സമുദായങ്ങൾക്കിടയിൽ അവിടെ നിലനിൽക്കുന്നത്. അതുകൊണ്ടുതന്നെ നിലവിലുള്ള കർമശാസ്ത്രത്തെ, ബഹുസ്വര സമൂഹങ്ങളെക്കുറിച്ച് ആഴത്തിൽ പഠിച്ച് പ്രമാണങ്ങളുടെ പിൻബലത്തോടെ പുനരാവിഷ്കരിക്കേണ്ടത് അനിവാര്യമാണ്.

ദാറുൽ ഇസ്‌ലാം, ദാറുൽ കുഫ്റ്, ദാറുൽ ഹർബ് തുടങ്ങിയ വേർതിരിവുകൾ രാഷ്ട്രങ്ങൾക്കിടയിൽ നടത്തിക്കൊണ്ടാണ് പണ്ഡിതന്മാർ മധ്യകാലത്ത് ഫിഖ്ഹിന് രൂപം നൽകിയത്. ഈ വിഭജനവും സാങ്കേതിക സംജ്ഞകൾക്ക് നൽകിയ നിർവചനവും പരിശോധിക്കുമ്പോൾ വർത്തമാനലോകത്ത് ആ ഗണത്തിൽപെടുന്ന രാഷ്ട്രങ്ങൾ എത്രയുണ്ടെന്നത് പരിശോധിക്കപ്പെടേണ്ടതാണ്. ഈ വിഭജനങ്ങൾക്കുള്ള പ്രാമാണികമായ പിൻബലമെന്താണ് എന്നും ചിന്തിക്കേണ്ടതുണ്ട്. പണ്ഡിതന്മാർക്കിടയിൽ ഈ വിഭജന വിഷയത്തിൽ അഭിപ്രായ ഭിന്നതകൾ നിലനിൽക്കുന്നുണ്ട്. കർമശാസ്ത്ര നിർവചനമനുസരിച്ച് ദാറുൽ ഇസ്‌ലാമായി പരിഗണിക്കപ്പെടേണ്ട പല രാഷ്ട്രങ്ങളിലെയും (ഉദാ: ഈജിപ്ത്, തുർക്കി, ഇന്തോനേഷ്യ) രാഷ്ട്രീയ-സാമ്പത്തിക-സാംസ്കാരികാവസ്ഥകളുടെയും പൗരന്മാരുടെ അഭിപ്രായ സ്വാതന്ത്ര്യത്തിന്റെയും അവസ്ഥ എന്താണ്? അവയുമായി തുലനം ചെയ്യുമ്പോൾ മതേതരമെന്ന് വിലയിരുത്തപ്പെടുന്ന പല രാജ്യങ്ങളും (ഉദാ: ഇന്ത്യ) എവിടെ നിൽക്കുന്നു?

രാഷ്ട്രത്തെക്കുറിച്ച മറ്റൊരു നിർവചനമുള്ളത് ദാറുൽ അഹ്ദ് എന്നാണ്. മുസ്‌ലിംകളും അമുസ്‌ലിംകളും തമ്മിൽ സഖ്യത്തിലേർപ്പെട്ട് കഴിയുന്ന രാജ്യങ്ങൾ എന്നാണ് അതുകൊണ്ട് അർഥമാക്കുന്നത്. മുസ്‌ലിംകൾക്കും അമുസ്‌ലിംകൾക്കും തുല്യമായ അവകാശങ്ങളും ബാധ്യതകളുമുള്ള ബഹുസ്വര രാഷ്ട്രത്തിലെ മുസ്‌ലിം ജീവിതത്തെ കുറിച്ച ചർച്ചകൾ ഏറെയൊന്നും നടന്നിട്ടില്ല. രാഷ്ട്രീയവും അധികാര പങ്കാളിത്തവുമായി ബന്ധപ്പെട്ട ചില വിശകലനങ്ങൾ മാത്രമാണ് ഉണ്ടായിട്ടുള്ളത്. കുടുംബ-സാമൂഹികജീവിതം, സാമ്പത്തിക സഹകരണം, സാംസ്കാരികമായ ആദാനപ്രദാനങ്ങൾ, ആഘോഷങ്ങളിലും മറ്റുമുള്ള പങ്കാളിത്തം, അഭിവാദനരീതി, വേഷവിധാനം തുടങ്ങി നിത്യജീവിതവുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് ഗൗരവപ്പെട്ട ചർച്ചകൾ നടക്കേണ്ടതുണ്ട്. കാഫിർ, മുർത്തദ്ദ്, ദിമ്മി, ജിസ്‌യ, ദാറുൽ ഇസ്‌ലാം, ദാറുൽ ഹർബ് തുടങ്ങിയ തെറ്റുധാരണ ജനിപ്പിക്കുന്ന പദപ്രയോഗങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. മുസ്‌ലിംകളുടെ പള്ളികൾ, വിദ്യാലയങ്ങൾ, അനാഥശാലകൾ, സമ്മേളനങ്ങൾ തുടങ്ങിയവയിൽ അമുസ്‌ലിംകൾക്കും ഇടം നൽകാനും ഖുർആനും ഇസ്‌ലാമിക ഗ്രന്ഥങ്ങളും വ്യാപകമായി പ്രചരിപ്പിക്കാനും സാധിക്കണം.

ഫിഖ്ഹ് നിരന്തരം തുടരേണ്ട ഒരു പ്രക്രിയയാണ്. ഒരു കാലഘട്ടത്തിലെ സമൂഹ ജീവിതവുമായി ബന്ധപ്പെട്ടാണ് നിലവിലുള്ള കർമശാസ്ത്ര മദ്ഹബുകൾ രൂപം കൊണ്ടത്. അവ എക്കാലത്തേക്കും അനുയോജ്യമാകണമെന്നില്ല. കർമശാസ്ത്രഗ്രന്ഥങ്ങളിൽ പൂർവികരായ പണ്ഡിതർ രേഖപ്പെടുത്തിവെച്ച പല നിയമങ്ങളും ഇന്നത്തെ ലോകത്ത് വിശേഷിച്ച് ഒരു ബഹുസ്വര സമൂഹത്തിൽ അപ്പടി പ്രയോഗവത്കരിക്കാൻ സാധ്യമല്ല. സാഹചര്യങ്ങളിൽ മാറ്റമുണ്ടാകുന്നതിനനുസരിച്ച് കർമശാസ്ത്രനിയമങ്ങളിലും മാറ്റമുണ്ടാകേണ്ടതുണ്ട്. ഖുർആനും ഹദീസും മുമ്പിൽ വെച്ചുള്ള ഇജ്തിഹാദിലൂടെയാണ് ഫിഖ്ഹ് രൂപപ്പെട്ടത്. അതേ ഇജ്തിഹാദ് നിരന്തരം തുടരേണ്ടത് അനിവാര്യമാണ്. ഇസ്‌ലാമിക നിയമവ്യവസ്ഥയുടെ വികാസക്ഷമതയുടെ ഭാഗമാണത്. ■